# വചന വിചിന്തനം ആഗസ്റ്റ് 2 ഞായർ, 2009

## കൈത്താക്കാലം മൂന്നാം ഞായർ (യോഹ 9 : 1-12,35-38)

### പശ്ചാത്തലം

യഹൂദജനം അന്ധതയും രോഗങ്ങളും പാപത്തിന്റെ ശിക്ഷയായി വീക്ഷിക്കുന്നു. ജന്മനാ അന്ധനായ മനുഷ്യനെ യേശുവിന്റെ സാന്നിദ്ധ്യത്തിൽ കണ്ടപ്പോൾ യഹൂദർ തങ്ങളുടെ സംശയം തീർക്കുവാനും അതേസമയം യേശുവിന്റെ ഉള്ളിലിരുപ്പ് മനസിലാക്കുവാനുമായി യേശുവിനെ സമീപിക്കുന്നു. അവർ ചോദിച്ചു ''ഈ മനുഷ്യൻ അന്ധനായിരിക്കുന്നത് ഇയാളുടെ പാപം മൂലമോ അതോ ഇയാളുടെ മാതാപിതാക്കളുടെ പാപം മൂലമോ എന്ന്?'' എല്ലാവരേയും അതിശയിപ്പിച്ചുകൊണ്ട് ഈശോ ഉത്തരമരുളി ''ഇവൻ അന്ധനായി ജനിച്ചത് ദൈവത്തിന്റെ പ്രവർത്തി ഇവനിൽ പ്രകടമാകേണ്ടതിനാണ്.''(9 :3)

യേശുവിൽ സ്നേഹം നിറഞ്ഞ മാതാപിതാക്കളെ സഹോദരി സഹോദരരേ, കൊച്ചുകുട്ടികളേ,

പ്രകൃതിയിലേയ്ക്ക് നോക്കുക ചെറിയവിത്ത് മുളച്ച് , പൊട്ടിവളർന്ന്, ചെടിയായി, മരമായി പടർന്ന്പന്തലിക്കുന്ന കാഴ്ച നമുക്ക് കാണുവാൻ സാധിക്കും. മനുഷ്യവ്യക്തികളിലും ഇതുതന്നെ കാണാം. ഇന്ന് നമ്മുടെ രാജ്യത്ത് മഹോന്നത സ്ഥാനത്ത് എത്തിച്ചേർന്നിരിക്കുന്ന പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങും, ഇന്ത്യയുടെ ചീഫ് ജസ്റ്റീസ് ആയ K.Pബാലകൃഷ്ണനും നമ്മളെപ്പോലെ സാധാരണക്കാരിൽ സാധാരണക്കാരനായി ജനിച്ച് വളർന്ന് പടിപടിയായി ഉന്നതസ്ഥാനം അലങ്കരിക്കുന്നവരാണ്. ഇതുതന്നെയാണ് കുടുംബങ്ങളുടെയും, രാജ്യത്തിന്റെയും കഥ.

അതുപോലെ പ്രകൃതിയിൽ മറ്റൊരു വിരോധാഭാസം കാണുവാനും സാധിക്കും. പടർന്ന് പന്തലിച്ചു നിൽക്കുന്ന മരങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന അവസ്ഥ. സമ്പത്തും, അറിവും സ്ഥാനമാനങ്ങളും ഉള്ള വ്യക്തികളും മദ്യത്തിനും കൊലപാതകത്തിനും, ഭീകരപ്രർത്തനത്തിനും കൂട്ടുനിന്നുകൊണ്ട് പടിപടിയായി ശിഥിലമായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളും വിരളമല്ല.

ഇങ്ങനെയുള്ള ഈ പശ്ചാത്തലത്തിൽ അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേയ്ക്കും , പ്രകാശത്തിൽ നിന്ന് വിശ്വാസത്തിലേയ്ക്കും കടന്നുവരുന്ന ഒരു വ്യക്തിയെയാണ് ഇന്നത്തെ സുവിശേഷഭാഗത്ത് നാം കണ്ടുമുട്ടുന്നത്. അതേസമയം അറിവിന്റെ വക്താക്കളായ ഫരിസേയപ്രമാണികൾ അറിവിൽനിന്ന് അന്ധകാരത്തിലേയ്ക്കും, അന്ധകാരത്തിൽനിന്ന് ശൂന്യതയിലേയ്ക്കും അധ:പതിക്കുന്ന കാഴ്ചയും മറച്ചുവയ്ക്കുവാൻ സാധിക്കുകയില്ല.

അന്ധനായവ്യക്തിക്ക് ഈശോ കാഴ്ചശക്തി നല്കുമ്പോൾ, അവന് കാഴ്ച മാത്രമല്ല ഉൾക്കാഴ്ച കൂടി ലഭിച്ചതായി നമുക്ക് മനസിലാക്കാൻ സാധിക്കുന്നു. അന്ധനായ തനിക്ക് എങ്ങനെ കാഴ്ച ലഭിച്ചു എന്ന് ഫരിസേയർ ചോദിച്ചപ്പോൾ അവൻ നല്കിയ ഉത്തരം 9-ാം അദ്ധ്യായം 11-ാം വാക്യത്തിൽ നാം വായിക്കുന്നു, ''അവൻ പറയുന്നു യേശു എന്ന് പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണിൽ പുരട്ടി. സീലോഹയിൽപോയി ഞാൻ കഴുകി . എനിക്ക് കാഴ്ച ലഭിച്ചു''. 'യേശു എന്ന മനുഷ്യൻ' എന്ന് തന്നെ സുഖപ്പെടുത്തിയ വ്യക്തിയെ വിശേഷിപ്പിച്ച അന്ധൻ, ''നിന്നെ സുഖപ്പെടുത്തിയവൻ ആരാണെന്നാണ് നീ കരുതുന്നത് ''

എന്ന് ചോദിച്ചപ്പോൾ 17-ാം വാക്യത്തിൽ ഉത്തരമായി അവൻ പറയുകയാണ്. ''എന്നെ സുഖപ്പെടുത്തിയവൻ പ്രവാചകനാണ് '' എന്ന്. ഈ അദ്ധ്യായത്തിന്റെ അവസാനം 33-ാം വാക്യത്തിൽ അവൻ വീണ്ടും പറയുകയാണ് എന്നെ സുഖപ്പെടുത്തിയ ഈശോ ''ദൈവത്തിൽനിന്നുള്ള വ്യക്തി ആണ് എന്ന് ''. ഈശോയെ മനുഷ്യൻ എന്നും, പ്രവാചകൻ എന്നും, ദൈവത്തിൽ നിന്നുള്ളവൻ എന്നും ഉദ്ഘോഷിച്ചുകൊണ്ട് വിശ്വാസത്തിന്റെ പടവുകൾ ഓരോന്നോരോന്നായി കയറി മുന്നേറുന്നത് നമുക്ക് കാണുവാൻ സാധിക്കും.

വിശ്വാസത്തിലേയ്ക്ക് പടിപടിയായി ഉയർന്ന് വന്ന പലരേയും നിങ്ങൾക്ക് പരിചയമുണ്ടായിരിക്കാം. 19-ാം നൂറ്റാണ്ടിൽ ജീവിച്ച സുപ്രസിദ്ധ ആംഗ്ലിക്കൻ ബിഷപ്പ് ആയിരുന്ന ഹെൻറി ന്യൂമാനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കാം. 19-ാം നൂറ്റാണ്ടിൽ ആംഗ്ലിക്കൻ സഭയുടെ നെടും തൂണായി പ്രവർത്തിച്ചുകൊണ്ട് സഭയെ വളർത്തിയതിൽ അദ്ദേഹത്തിന്റെ പങ്ക് വലുതാണ്. പക്ഷേ കത്തോലിക്കാ സഭയുടെ സത്യവിശ്വാസത്തേയും പരിശുദ്ധ കന്യകാമറിയത്തിന്റെ മാഹാത്മ്യവും തിരിച്ചറിഞ്ഞപ്പോൾ ആംഗ്ലിക്കൻ സഭയിൽ നിന്നും കത്തോലിക്കാ സഭയിലേയ്ക്ക് വരുവാൻ ബിഷപ്പായ അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. അങ്ങനെ കത്തോലിക്കാ വിശ്വാസം ഏറ്റു പറഞ്ഞ് പ്രഗൽഭനായ ഒരു കർദ്ദിനാൾ ആയിത്തീരുകയും ചെയ്തു.

സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന അന്ധനായി ജീവിച്ച മനുഷ്യൻ നമ്മൾക്ക് ഒരു വെല്ലുവിളിയായി നിൽക്കുന്നു. അന്ധതയിൽനിന്നും കാഴ്ചയിലേയ്ക്കും, കാഴ്ചയിൽനിന്നും ഉൾക്കാഴ്ചയിലേയ്ക്കും, ഉൾക്കാഴ്ചയിൽനിന്നും വിശ്വാസത്തിലേയ്ക്കും അയാൾ വളർന്നതു പോലെ നാമും പടിപടിയായി വളരേണ്ടിയിരിക്കുന്നു.

പുരോഗമനം ഇല്ലാത്ത അവസ്ഥ അധോഗമനം തന്നെയാണ്. അതാണ് നാം ഫരിസേയരിൽ കാണുന്നത്. 9-ാം അദ്ധ്യായം രണ്ടാം വാക്യത്തിൽ ''റബ്ബി'' എന്ന് പറഞ്ഞ് ഈശോയെ അഭിസംബോധന ചെയ്ത ഫരിസേയർ 24-ാം വാക്യത്തിൽ ഈ മനുഷ്യൻ പാപിയാണ് എന്ന് പറഞ്ഞ് ആക്ഷേപിക്കുന്ന രംഗമാണ് നാം കാണുന്നത്. ഫരിസേയരുടെ അധ:പതനത്തിന്റെ അടയാളമായിട്ടാണ് ഇത് നിലകൊള്ളുന്നത്.

ഈ അവസരത്തിൽ ലോകപ്രസിദ്ധനായ ഒരുവ്യക്തിയുടെ ജീവിതകഥ വരികയാണ്. മറ്റാരുമല്ല ഈയിടെ മരിച്ച സംഗീത-നൃത്ത സാമ്രാജ്യത്തെ കീഴടക്കിയ മൈക്കിൾ ജാക്സൻ. ഒരു സാധാരണ കുടുംബത്തിൽ ജനിച്ചെങ്കിലും തന്റെ കഴിവുകൾ വളർത്തിക്കൊണ്ടുവന്ന് സംഗീത-നൃത്ത ലോകത്തിൽ എല്ലാവരേയും അതിശയിപ്പിക്കുകയും, കോരിത്തരിപ്പിക്കുകയും ചെയ്ത പ്രകടനങ്ങൾ കാഴ്ച വയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. പക്ഷേ തന്റെ പ്രശസ്തിയിലും, പെരുമയിലും, പ്രാവീണ്യത്തിലും, അദ്ദേഹത്തിന് തന്റെ നിറത്തിലും ,സൗന്ദര്യത്തിലും സന്ദേഹവും, അപകർഷതാബോധവും ഉണ്ടാവുകയും അത് മറച്ചുവയ്ക്കുവാനുപയോഗിച്ച ചികിത്സാരീതി അദ്ദേഹത്തിന്റെ അധ:പതനത്തിന് വഴിതെളിക്കുകയും, അവസാനം വളരെ ദാരുണമായരീതിയിൽ ഈ ലോകത്തോട് യാത്രപറയുകയും ചെയ്തു. മനുഷ്യമനസുകളിൽ ആരാധ്യനായി ജീവിക്കേണ്ട വ്യക്തി അപകീർത്തിയ്ക്ക് പാത്രമായ ദുരന്തകഥ.

അന്ധകാരത്തിൽനിന്ന് വിശ്വാസത്തിലേയ്ക്ക് കടന്നുവന്ന അന്ധനായ വ്യക്തിയും, വിശ്വാസത്തിൽ നിന്നും അവിശ്വാസത്തിലേയ്ക്ക് നീങ്ങുന്ന ഫരിസേയരും നമ്മുടെ ചുറ്റിലും, നാമോരോരുത്തരിലും ഉണ്ട്.വളരാത്തതെല്ലാം ജീർണ്ണിക്കുന്നവയാണ്.

ജീവനില്ലാത്തവയെല്ലാം മരിച്ചവയാണ്.വിശ്വാസത്തിൽ നാം വളരുകയല്ലെങ്കിൽ വിശ്വാസത്തിൽ നാം ശോഷിക്കുകയാണ്. കഴിഞ്ഞ ആഴ്ചയിലെ സൺഡേ ശാലോമിൽ ബഹു. ജോസഫ് വയലിലച്ചന്റെ ലേഖനത്തിൽ എല്ലാ പുരോഹിതർക്കും ഒരു രണ്ടാം അഭിഷേകം അവശ്യമുണ്ട് എന്ന് സൂചിപ്പിച്ചതുപോലെ, എല്ലാ മനുഷ്യർക്കും ഭൂമിയിൽ തന്നെ ‘‘ഒരു പുനർജന്മം’’ ആവശ്യമാണ്. എല്ലാ അല്മായരും ഒരിക്കൽക്കൂടി മാമ്മോദീസാ ജലത്താൽ കഴുകപ്പെട്ട് വെണ്മയുള്ളവരാകേണ്ടതിന്റെ ആവശ്യമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കാഴ്ച ഉണ്ടായാൽ പോരാ, പരിശുദ്ധാത്മാവ് തരുന്ന ഉൾക്കാഴ്ച ആവശ്യമാണ്. കേൾവി ഉണ്ടായാൽപോരാ ദൈവസ്വരം ശ്രവിക്കുന്നതിനുള്ള ഉൾക്കേൾവി ആവശ്യമാണ്. അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേയ്ക്കും, വിശ്വാസത്തിലേയ്ക്കും വളർന്ന സുവിശേഷഭാഗത്ത് നാം കാണുന്ന ഈ വ്യക്തിയെപ്പോലെ വിശ്വാസത്തിന്റെ പടവുകൾ അനുദിനം അനുദാവനം ചെയ്തു കൊണ്ട് ഉയരുവാൻ വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

**ഫാ. ടോമി ലൂക്കോസ് എസ്.എ.സി**